അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു. ഇതുകൂടാതെ, പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം/ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

322 (324) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിദിന വരുമാനം 4.91 കോടി രൂപയാണ്.

(ബി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയാണ്.

(സി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം 519.26 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

323 (325) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly